## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1436 04.12.2014 ലെ മറുപടിയ്ക്ക്

## കൊയിലാണ്ടി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന പി.ഡബ്ല്യു.ഡി.റെസ്റ്റ് ഹൗസ് നിലവിൽ വന്നത് എപ്പോഴാണ്; ഈ കെട്ടിടത്തിന് എത്രവർഷത്തെ കാലപ്പഴക്കമുണ്ട്; | (എ) | കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യു.ഡി.റെസ്റ്റ് ഹൗസ് 1986 ഡിസംബർ 26-നാണ് നിലവിൽ വന്നത്. പ്രസ്തുത കെട്ടിടത്തിന് 28 വർഷം പഴക്കമുണ്ട്. |
| (ബി) | റെസ്റ്റ് ഹൗസിലെ വി.ഐ.പി. മുറികളും, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നാഷണൽ ഹൈവേയിൽ ജനപ്രതിനിധികൾക്കും വി.ഐ.പി.കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും പ്രയോജനകരമായ ഈ റെസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ മുമ്പ് സ്ഥലം എം.എൽ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും റെസ്റ്റ് ഹൗസ് നവീകരിക്കാൻ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കുമോ? | (സി) & (ഡി) | നവീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | റെസ്റ്റ് ഹൗസ് നവീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കുമോ? | | |

Merged

**സെക്ഷൻ ഓഫീസർ**